# കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം

(ഹാജർ:രാജീവ് ജി)

നമ്പർ: ബി4/4968/1992

തീയതി: 27-07-2018

വിഷയം:-വ്യവസായം- ഡി.പി പൂവൻതുരുത്ത് - മെ. തളികപ്പറമ്പിൽ റബ്ബർ ഇൻഡസ്ട്രീസ് - കൈമാറ്റം അനുവദിച്ച് ഉത്തരവ് നൽകുന്നത് - സംബന്ധിച്ച്.

സൂചന:-1) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ 169/69/വ്യവ.തീയതി 05-04-1969.

2) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 297/1970/വ്യവ. തീയതി 24-08-1970.

3) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 60/2013/വ്യവ. തീയതി 10-06-2013

4) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 110/2013/വ്യവ. തീയതി 13-09-2013.

5) ഈ ഓഫീസിലെ 23-01-1993- ലെ ബി1/4968/92-ാം നമ്പർ നടപടിക്രമം.

6) ഈ ഓഫീസിലെ 17-12-2004- ലെ ബി1/4968/92-ാം നമ്പർ നടപടിക്രമം.

7) ശ്രീമതി കുഞ്ഞുമോൾ ചെറിയാൻ, ശ്രീമതി.രേഖാ ജോസഫ് എന്നിവരുടെ 22-04-09 ലെ അപേക്ഷ.

8) സർക്കാർ ഉത്തരവ് ( ആർ.റ്റി) 732/2017/വ്യവ തീയതി 24-05-17.

9) വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-05-18 ലെ ഐ.ഡി5/1127/13-ാം നമ്പർ സർക്കുലർ.

10) 26-06-18 ൽ ചേർന്ന ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി മീറ്റിംഗിന്റെ തീരുമാനം.

കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിലെ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 473/2 ൽ ഉൾപ്പെട്ട 10 സെന്റ് സ്ഥലം വി-ടെക് റബ്ബേഴ്സ് എന്ന പേരിൽ വൾക്കനൈസിംഗ് സിമെന്റ് ഉൽപ്പാദനത്തിനായി ശ്രീ.വി.എസ് കനകരാജൻ, കോടിയാട്ട്, പുത്തനങ്ങാടി, കോട്ടയം എന്ന സംരംഭകന് മേൽ സൂചന (5) പ്രകാരം അനുവദിച്ചു നൽകിയിരുന്നു. ടി 10 സെന്റ് സ്ഥലവും സ്ഥാപനവും മെ. തളികപ്പറമ്പിൽ റബ്ബർ ഇൻഡസ്ട്രീസ് എന്ന പേരിൽ വ്യവസായ സംരംഭം നടത്തുന്നതിനായി ശ്രീമതി കുഞ്ഞുമോൾ ചെറിയാൻ , മടത്തുംചാലിൽ പുത്തൻപുരയ്ക്കൽ, ചാലപ്പള്ളി പി.ഒ., പത്തനംതിട്ട എന്നയാൾക്ക് സൂചന (6) പ്രകാരം കൈമാറി ഉത്തരവായിരുന്നു. ആരോഗ്യപരമായ കാരണങ്ങളാലും പ്രായാധിക്യം മൂലവും ടി സ്ഥാപനം മുന്നോട്ട് നടത്തികൊണ്ടുപോകാൻ ബുദ്ധിമുട്ടുള്ളതിനാൽ ടി സ്ഥലവും സ്ഥാപനവും ശ്രീമതി രേഖാ ജോസഫ്, തളികപ്പറമ്പിൽ, മണർകാട് പി.ഒ., കോട്ടയം എന്നയാൾക്ക് കൈമാറുന്നതിന് സൂചന (7) പ്രകാരം അപേക്ഷിച്ചിരിക്കുന്നു. സ്ഥാപനത്തിന് സർക്കാരിലോ ധനകാര്യസ്ഥാപനങ്ങളിലോ യാതൊരുവിധ ബാദ്ധ്യതകളും നിലവിലില്ല. സ്ഥാപനത്തിന്റെ പേരിൽ റവന്യു റിക്കവറി നടപടികളൊന്നും നിലവിലില്ല എന്ന് ആർ.ആർ തഹസീൽദാർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. സ്ഥലവില ഇനത്തിൽ നിലവിലെ നിരക്കനുസരിച്ചുള്ള മുഴുവൻ തുകയും അടച്ചിട്ടുണ്ട്. 26-06-18 ൽ ചേർന്ന ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി അപേക്ഷ പരിഗണിക്കുകയും കൈമാറ്റം അനുവദിച്ച് ഉത്തരവ് നൽകുവാൻ തീരുമാനിക്കുകയും ചെയ്തു.

ഡി.എ/ഡി.പി കളിലെ അസൈൻമെന്റ് ലഭിക്കാത്ത ഭൂമിയുടെ/സ്ഥാപനങ്ങളുടെ കൈമാറ്റം, മാനേജ്മെന്റ് മാറ്റം, ആക്ടിവിറ്റി മാറ്റം തുടങ്ങിയ കാര്യങ്ങളിൽ അനുമതി നൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം, ജനറൽ മാനേജർമാർക്ക് സൂചന (10) പ്രകാരം അധികാരം നൽകിയിട്ടുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

മേൽ വിവരിച്ച സാഹചര്യത്തിൽ കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 473/2 ൽ ഉൾപ്പെട്ട 10 സെന്റ് സ്ഥലവും മെ.തളികപ്പറമ്പിൽ റബ്ബർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനവും ശ്രീമതി. രേഖാ ജോസഫ്, തളികപ്പറമ്പിൽ, മണർകാട് പി.ഒ, കോട്ടയം എന്നയാൾക്ക് അതേ പേരിൽ റബ്ബർ മാറ്റ്, റബ്ബറൈസ്ഡ് കയർ മാറ്റ് എന്നിവയുടെ നിർമ്മാണം നടത്തുന്നതിനായി സൂചനയിൽ പറയുന്ന സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ച് താഴെപ്പറയുന്ന നിബന്ധനകളോടെ കൈമാറി ഇതിനാൽ ഉത്തരവാകുന്നു.

1) ശ്രീമതി രേഖ ജോസഫ് സ്ഥലവിലയുടെ 10% തുക പ്രോസസിംഗ് ഫീസായി അടയ്ക്കേണ്ടതാണ്.
2) സർക്കാരുമായുള്ള പുതിയ ഹയർ പർച്ചേസ് ഉടമ്പടി ശ്രീമതി രേഖാ ജോസഫ് ഒപ്പിട്ട് സമർപ്പിക്കേണ്ടതാണ്.
3) അടുത്ത 5 വർഷത്തിനുള്ളിൽ പേര് മാറ്റം/ ആക്ടിവിറ്റി മാറ്റം/മാനേജ്മെന്റ് മാറ്റം/ കൈമാറ്റം എന്നിവയ്ക്ക് അപേക്ഷിക്കുന്നതല്ല എന്ന സത്യവാങ്മൂലം ശ്രീമതി രേഖ ജോസ് സമർപ്പിക്കേണ്ടതാണ്.
4) എഗ്രിമെന്റ്, സത്യവാങ്മൂലം എന്നിവ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

ഓഫീസിലെ ലാന്റ് അലോട്ട്മെന്റ് രജിസ്റ്ററിൽ ഇത് സംബന്ധിച്ച മാറ്റങ്ങൾ വരുത്തുന്നതാണ്.

ഒപ്പ്/-
ജനറൽ മാനേജർ

സ്വീകർത്താവ്:-
1) ശ്രീമതി കുഞ്ഞുമോൾ ചെറിയാൻ, മടത്തുംചാലിൽ പുത്തൻപുരയ്ക്കൽ, ചാലപ്പള്ളി പി.ഒ, പത്തനംതിട്ട
2) ശ്രീമതി രേഖാ ജോസഫ്, തളികപ്പറമ്പിൽ, മണർകാട് പി.ഒ, കോട്ടയം,

പകർപ്പ്:-
1) വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം ( ആമുഖകത്ത് സഹിതം)
2) ജനറൽ മാനേജരുടെ സി.എ
3) മാനേജർ ( ക്രഡിറ്റ്)
4) മാനേജർ ( ആർ.ഇ.റ്റി) - വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന്
5) എസ്റ്റേറ്റ് ആഫീസർ (അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ - II)
6) സ്റ്റോക്ക് ഫയൽ / സ്പെയർ

ഉത്തരവിൻ പ്രകാരം

മാനേജർ (ക്രഡിറ്റ്)

APR 28-07-18